പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 210

23-01-2014-ൽ മറുപടിക്ക്.

## ഹൗസിംഗ് ഡവലപ്മെൻറ് കോർപ്പറേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ.വാഹീദ്.<br>" ജോസഫ് വാഴക്കൻ.<br>" എ.റ്റി. ജോർജ്.<br>" സി.പി. മുഹമ്മദ് | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഹൗസിംഗ് ഡവലപ്മെൻറ് കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) 19/07/2013 - ന് 1956 - ലെ കമ്പനീസ് ആക്ട് പ്രകാരം സംസ്ഥാനത്ത് പൊതു മേഖലയിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെൻറ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് രൂപീകരിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് കോർപ്പറേഷൻ രൂപീകരണത്തിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) നേരിട്ടുള്ള വിദേശ നിക്ഷേപം, വിദേശ ഇൻഡ്യക്കാരിൽ നിന്നുള്ള നിക്ഷേപം എന്നിവ പ്രോത്സാഹിപ്പിച്ചുകൊണ്ട് വ്യക്തിഗത ഭവന നിർമ്മാണത്തിനും പൊതുഭവന പദ്ധതികളുടെ നടത്തിപ്പിനും പര്യാപ്തമായ പണലഭ്യതയ്ക്ക് ഊന്നൽ നൽകുക എന്നതാണ് കേരള സംസ്ഥാന ഭവന വികസന ധനകാര്യ കോർപ്പറേഷൻെറ ഉദ്ദേശലക്ഷ്യം. |
| (സി) പാർപ്പിട വികസനത്തിന് സഹായകരമാകുംവിധം കോർപ്പറേഷനെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;<br>(ഡി) കോർപ്പറേഷൻെറ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കുമോ? | (സി) യും (ഡി) യും പാർപ്പിടവികസനത്തിന് സഹായകരമാകും വിധം കോർപ്പറേഷൻെറ ആഭിമുഖ്യത്തിൽ ഷെൽട്ടർ ഫണ്ട് (അഭയ നിധി), സാങ്കേതിക വികസന നിധി (ടെക്നോളജി ഇന്നൊവേഷൻ ഫണ്ട്) എന്നിവ രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. കോർപ്പറേഷൻ പൂർണ്ണരൂപത്തിൽ പ്രവർത്തനസജ്ജമാക്കുന്ന നടപടികൾ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ